# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5038** | **24.10.2011-ൽ മറുപടി** നൽകേണ്ടിയിരുന്നത്.

## മെച്ചപ്പെട്ട സർക്കാർ ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :** | **ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ബാഹുല്യം കാരണം മെച്ചപ്പെട്ട ചികിത്സ എല്ലാവർക്കും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഓരോ മണ്ഡലത്തിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി ഓരോ സർക്കാർ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിന് പരിഗണന നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) ഓരോ മണ്ഡലത്തിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെ മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടി സർക്കാർ ആശുപത്രി പ്രവർത്തിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിലവിലുള്ള സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധതരം കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും സംസ്ഥാന തലത്തിൽ ലഭ്യമാകുന്ന ഫണ്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ കൂടുതൽ ആധുനിക ഉപകരണങ്ങൾ നൽകിയും കൂടുതൽ സ്റ്റാഫിനെ നിയമിച്ചും ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. പ്ലാൻ ഫണ്ട് വഴിയും, ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം വഴിയും പതിമൂന്നാം ധനകാര്യ കമ്മീഷൻ സഹായത്തോടെയും ആശുപത്രി ഉപകരണങ്ങളും ലബോറട്ടറി സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ജീവനക്കാർ കുറവുള്ള ആശുപത്രികളിൽ എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ